**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് - ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഇൻഷ്വറൻസ് മെഡിക്കൽ സർവീസ് വകുപ്പിലെ ക്ലാർക്ക് ശ്രീമതി.സറീന ആബ്ദീൻ ഫയൽ ചെയ്ത ഒ.എ. 1975/2017 ലെ 19.10.2017 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം./21/2018/തൊഴിൽ** തീയതി,തിരുവനന്തപുരം, 06/01/2018

---

പരാമർശം:- 1)05.06.2017ലെ സ.ഉ.(സാധാ) നം. 720/2017/തൊഴിൽ.
2)12.07.2017ലെ സ.ഉ.(സാധാ) നം. 898/2017/തൊഴിൽ.
3) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 26.09.2017-ലെ ഇ 2-17561/17/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്.
4) ശ്രീമതി.സറീനാ ആബ്ദീൻ 04.10.2017 തീയതിയായി തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച നിവേദനം. ( ഒ.എ നം. 975/2017-ലെ അനുബന്ധം -A6)
5) ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീമതി.സറീന ആബ്ദീൻ ഫയൽ ചെയ്ത ഒ.എ നം. 975/2017-ലെ 19.10.2017 -ലെ വിധിന്യായം
6 ) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 15.11.2017-ലെ ഇ2 - 17561/17/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി വകുപ്പിലെ ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം - 1,2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് നാവായിക്കുളം ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ക്ലാർക്ക് തസ്തിക കരമന

ഇ.എസ്.ഐ. ഡിസ്പെൻസറിയിലേക്ക് പുനർവിന്യസിച്ചു കൊണ്ടും ടി തസ്തികയിലേക്ക് ശ്രീമതി.സറീന ആബ്ദീനെ നിയമിച്ചും പരാമർശം - 3 പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവീസ് വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) നാവായിക്കുളം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ മൂന്ന് ക്ലർക്കുമാരിൽ ഒരാളും ഏക വനിതാ ജീവനക്കാരിയുമായ തന്നെ യാതൊരു മാനദണ്ഡവും പാലിക്കാതെയാണ് സ്ഥലം മാറ്റിയത് എന്നും ആയതിനാൽ ടി ഉത്തരവ് റദ്ദ് ചെയ്യണം എന്നും അഭ്യർത്ഥിച്ച് ശ്രീമതി.സറീന ആബ്ദീൻ സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു . കൂടാതെ പരാമർശം - 3 ലെ ഉത്തരവ് റദ്ദാക്കണം എന്നും പരാമർശം - 4 ലെ നിവേദനം പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ വേണ്ട നിർദ്ദേശം ഒന്നാം എതിർ കക്ഷിക്ക് നൽകണം എന്നും അഭ്യർത്ഥിച്ച് ടി വ്യക്തി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒ.എ.1975/2017 നമ്പരായി ഒരു ഹർജിയും ഫയൽ ചെയ്തിരുന്നു. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഇക്കാര്യത്തിൽ പരാമർശം - 5 പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു.ആയത് പ്രകാരം ടി ഹർജിയിലെ ഒന്നാം എതിർകക്ഷി (സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്) ടി വ്യക്തിയെ നേരിൽ കേട്ടതിനു ശേഷം ഹർജിയിലെ അനുബന്ധം -A6 (പരാമർശം - 4 ) സംബന്ധിച്ച് മൂന്നു മാസത്തിനകം ഉചിതമായ തീരുമാനമെടുക്കാൻ നിർദ്ദേശിച്ചിരുന്നു. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം, ശ്രീമതി.സറീന ആബ്ദീനെ 30.11.2017 ൽ തൊഴിലും നൈപുണ്യവും വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ടിരുന്നു.

3) ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനായി വിവിധ സ്ഥാപനങ്ങളിലെ വിവിധ തസ്തികകൾ പുനർ വ്യനിസിക്കുന്നതിന് സർക്കാർ നൽകിയ അനുമതിയുടെ അടിസ്ഥാനത്തിലാണ് നാവായിക്കുളം ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ഒരു ക്ലാർക്ക് തസ്തിക കരമനയിലേക്ക് പുനർ വ്യന്യസിച്ചു കൊണ്ടും ശ്രീമതി. സറീന ആബ്ദീനെ കരമനയിലേക്കു സ്ഥലം മാറ്റി കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചത് എന്നും നാവായിക്കുളം ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ഹരിജിക്കാരിക്ക് പുറമെ ശ്രീ.ബി.ശശി, ശ്രീ.അജയകുമാർ എന്ന രണ്ട് ക്ലാർക്കുമാരാണ് ഉള്ളത് എന്നും ഇവർ രണ്ടു പേരും അംഗ പരിമിതരും ഇതിൽ തന്നെ ഏറ്റവും ജൂനിയർ ആയ ശ്രീ.അജയകുമാർ വീൽ ചെയറിന്റെ സഹായത്താൽ ജോലി ചെയ്യുന്ന വ്യക്തിയുമാണ് എന്നും അംഗ പരിമിതരായ ജീവനക്കാരെ സ്ഥലം മാറ്റുക എന്നത് ഉചിതമല്ലാത്ത സാഹചര്യത്തിലാണ് ശ്രീമതി.സറീന ആബ്ദീനെ സ്ഥലം മാറ്റിയത് എന്നും പരാമർശം - 6 പ്രകാരം

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം പരിശോധിച്ചു. നാവായിക്കുളം ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ശ്രീമതി. സറീന ആബ്ദീനെ കൂടാതെയുള്ള രണ്ട് ക്ലർക്കുമാർ അംഗപരിമിതരാണ്. ടി ജീവനക്കാരെ സ്ഥലംമാറ്റുന്നത് ഉചിതമല്ല. ആയതിനാൽ ശ്രീമതി.സറീന ആബ്ദീനെ കരമന ഇ.എസ്.ഐ ഡിസ്പെൻസറിയിലേയ്ക്ക് പുനർ വിന്യസിച്ച പരാമർശം - 3 ലെ ഉത്തരവ് പിന്നീട് ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് ടി വ്യക്തിക്ക് സൗകര്യപ്രദമായ സ്ഥലം മാറ്റം നൽകേണ്ടതാണ് എന്ന വ്യവസ്ഥയോടെ തൽക്കാലം നടപ്പിൽ വരുത്തുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം 5 ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സരളമ്മ എസ്**
**അണ്ടർ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി.സറീന ആബ്ദീൻ ഇ.എസ്.ഐ.ഡിസ്പെൻസറി, നവായിക്കുളം, തിരുവനന്തപുരം, (ഇൻഷുറൻസ് മെഡിക്കൽ സർവീസ് വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ((എ& ഇ)/ഡി.ബി.സെൽ/ആഡിറ്റ് ) കേരളം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.
ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**<u>മേലെഴുത്ത് കത്ത് നം.ഇ2-17561/2017/ഡി.ഐ.എം.എസ് തീയതി 16-01-2018.</u>**

സർക്കാർ ഉത്തരവിന്റെ കരട് മേലെഴുത്തിനായി നാവായിക്കുളം ഇൻഷുറൻസ് മെഡിക്കൽ ഓഫീസർക്ക് കൈമാറുന്നു. ശ്രീമതി.സറീന അബ്ദീനെ ഉടനടി വിടുതൽ ചെയ്യേണ്ടതാണ്.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്-

1) ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ.ഡിസ്പെൻസറി, നാവായിക്കുളം/കരമന.
2) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണമേഖല, കൊല്ലം.
3) ഫയൽ / സ്റ്റോക്ക് ഫയൽ.

**എ.ഡി.എസ്/16-1-2018**